ഉത്തരം

(എ) ഇല്ല.

(ബി-ഡി) ബാധകമല്ല.

പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിനുള്ള പദ്ധതികൾ

232 (924) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ പുതിയ തൊഴിൽ മേഖല കണ്ടെത്തുന്നതിന് ഏതെങ്കിലും പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ?

ഉത്തരം

തൊഴിൽരഹിതർക്ക് കൂടുതൽ പുതിയ തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിനും പുതിയ തൊഴിൽ മേഖലകൾ കണ്ടെത്തുന്നതിനുമായി സ്വകാര്യ മേഖലയിലും തൊഴിൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് "നിയുക്തി 2015" എന്ന പേരിൽ സംസ്ഥാന വ്യാപകമായി അഞ്ച് തൊഴിൽ മേളകൾ സംഘടിപ്പിച്ചു. അതുവഴി കേരളത്തിനകത്തും പുറത്തുമുള്ള സ്വകാര്യ മേഖലകളിലെ വിവിധ ഇനങ്ങളിൽ നിന്നുള്ള 300 ലധികം സ്വകാര്യ തൊഴിൽദാതാക്കളെ പങ്കെടുപ്പിച്ചുകൊണ്ട് 43000 ത്തോളം ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മേളകളിൽ പങ്കെടുക്കുവാൻ അവസരം നൽകുകയും പ്രസ്തുത തൊഴിൽ മേളകൾ സംഘടിപ്പിച്ചതുവഴി ഈ വർഷം 17875 പേർക്ക് സ്വകാര്യമേഖലയിൽ തൊഴിൽ നേടിയെടുക്കുവാനും സാധിച്ചിട്ടുണ്ട്.

കേരള കൺസ്യൂമർ അക്കാഡമി

233 (925) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാത്തന്നൂരിൽ ആരംഭിക്കുവാൻ നടപടി തുടങ്ങിയ കേരളാ കൺസ്യൂമർ അക്കാഡമിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ഏതുഘട്ടത്തിലാണ് ;

(ബി) നിർമ്മാണത്തിന് പ്രാരംഭനടപടികൾ ആരംഭിച്ച് നാല് വർഷം പിന്നിട്ടിട്ടും ഈ സ്ഥാപനം ആരംഭിക്കാത്തത് എന്തുകൊണ്ടാണ് ;

(സി) തുടക്കത്തിൽ വിഭാവനം ചെയ്തതിന് വ്യത്യസ്തമായി ഏതെങ്കിലും സ്ഥാപനങ്ങൾ പ്രസ്തുത സ്ഥലത്ത് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുവോ ;

(ഡി) സ്ഥാപനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ വൈകുന്നതിനുള്ള പൊതുജനരോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എത്രയും പെട്ടെന്ന് പ്രസ്തുത സ്ഥാപനം ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കൊല്ലം ജില്ലയിലെ ചാത്തന്നൂരിൽ പ്രവർത്തിക്കുന്ന കൊല്ലം സഹകരണ സ്പിന്നിംഗ് മിൽസ് ലിമിറ്റഡിന്റെ ഉടമസ്ഥതയിലുള്ള 10 ഏക്കർ സ്ഥലം കൺസൂക്ഷൻ അക്കാദമി സ്ഥാപിക്കുന്നതിനുവേണ്ടി 23-2-2011-ൽ വിലയ്ക്ക് വാങ്ങുകയുണ്ടായി. പ്രസ്തുത സ്ഥലത്ത് 1-3-2011-ൽ തറക്കല്ലിടുകയുണ്ടായി. വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള നടപടി സ്വീകരിക്കവേ, ടി വസ്തുവിന്റെ ഒരു ഭാഗത്ത് സ്പിന്നിംഗ് മില്ലിന്റെ ഇലക്ട്രിക്കൽ സംവിധാനങ്ങൾ ഉൾപ്പെടുന്നതിനാൽ ടി സ്ഥലം തിരികെ ലഭിച്ചില്ലെങ്കിൽ ആയത് സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനത്തെ ബാധിക്കുവാനും ആയതിനാൽ പ്രസ്തുത ഇലക്ട്രിക് സംവിധാനങ്ങൾ ഉൾപ്പെടുന്ന വസ്തു സ്പിന്നിംഗ് മില്ലിന് തിരികെ നൽകണമെന്നും ഇതിന് പകരമായി അനുയോജ്യമായ വസ്തു നല്കാമെന്നും മിൽ അധികൃതർ അറിയിച്ചതിനെ തുടർന്ന് ആയതിന് നടപടി എടുത്തു വരുന്നു. അതോടൊപ്പം ടി വസ്തുവിന് പി.ഡബ്ല്യു.ഡി മുഖേന ഡെപ്പോസിറ്റ് വർക്കായി ചുറ്റുമതിൽ കെട്ടുന്നതിന് ഭരണാനുമതിയ്ക്കായി നടപടി തുടർന്ന് വരികയുമാണ്.

(ബി) കൺസൂക്ഷൻ അക്കാദമിക്കുവേണ്ടി വിലയ്ക്ക് വാങ്ങിയ വസ്തുവിന് പി.ഡബ്ല്യു.ഡി. മുഖേന ചുറ്റുമതിൽ കെട്ടുന്നതിന് നടപടി തുടർന്നുവരുന്നു.

(സി) കേരള നിർമ്മാണ തൊഴിലാളി ക്ഷേമ ബോർഡ് ചാത്തന്നൂരിൽ വിലയ്ക്ക് വാങ്ങിയ 10 ഏക്കർ സ്ഥലത്ത് ബോർഡിന്റെ കീഴിൽ നടപ്പാക്കുവാൻ ഉദ്ദേശിച്ചിരുന്ന കേരള കൺസൂക്ഷൻ അക്കാദമി എന്ന ആശയത്തേക്കാൾ സാങ്കേതിക നിപുണതയും വിദഗ്ധ പരിശീലനവും നൽകുക്കുക വിധത്തിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള തൊഴിൽ വൈദഗ്ധ്യ കേന്ദ്രം ആരംഭിക്കുന്ന വിഷയം പരിഗണനയിലാണ്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പ്രസ്തുത സ്ഥലത്ത് സാങ്കേതിക നിപുണതയും, വിദഗ്ധപരിശീലനവും നൽകുക്കുക വിധത്തിലുള്ള തൊഴിൽ വൈദഗ്ധ്യ കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സജീവ പരിഗണനയിലാണ്.

മിനിമം വേതനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ

234 (926) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് മിനിമം വേതനം നടപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ ; ഏതെല്ലാം മേഖലയിലാണ് ഈ സർക്കാർ വന്നതിനുശേഷം മിനിമം വേതനം നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;